പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4919 — 01.07.2013-ൽ മറുപടിക്ക്

**മൺസൂൺകാല ട്രോളിംഗ് നിരോധനം**

**ചോദ്യം** — **ഉത്തരം**

| | പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൺസൂൺകാല ട്രോളിംഗ് നിരോധനംവഴി മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ട്രോളിംഗ് നിരോധനകാലയളവായ ജൂൺ, ജൂലൈ മാസങ്ങൾ മത്സ്യങ്ങളുടെ പ്രജനനകാലമായതിനാൽ മത്സ്യകുഞ്ഞുങ്ങളെയും മത്സ്യത്തിന്റെ മുട്ടകളെയും ട്രോളറുകൾ ഉപയോഗിച്ചുള്ള നിരന്തര മത്സ്യബന്ധനപ്രവർത്തനത്തിൽ നിന്നും സംരക്ഷിക്കുന്നതിന് സാധിക്കുന്നുണ്ട്. ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ള വിവിധ കമ്മറ്റികളുടെ (കലാവർകമ്മറ്റി, ബാലകൃഷ്ണൻനായർ കമ്മറ്റി മുതലായവ) പഠനറിപ്പോർട്ടുകളിൽ നിരോധനം മൂലം മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും ഒരു പരിധി വരെ വർദ്ധിക്കുന്നതിനും കാരണമായിട്ടുള്ളതായി ചൂണ്ടിക്കാണിക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസികൾ ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) | ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസികൾ ശാസ്ത്രീയപഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനായി സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 906/12/മതുവ പ്രകാരം ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ